**Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 02/2024 05 April 20224

# ഉർഹ- 2024
# ദൈവശാസ്ത്ര കുടുംബക്വിസ്.

> പൗരസ്ത്യറീത്തിലുള്ള എല്ലാ അംഗങ്ങളും തങ്ങളുടെ നീയമാനുസ്രതമായ ആരാധനക്രമരീതിയും അംഗീകൃതമായ ജീവിതശൈലിയും എല്ലായ്പ്പോഴും സംരക്ഷിക്കണമെന്നും അതിനു അവർക്കു കഴിയുമെന്നും ക്രമാനുഗതമായ വളർച്ച നേടുന്നതിനൊഴികെ അവയ്ക്ക് മാറ്റം വരുത്താൻ പാടില്ലെന്നുമുള്ള അറിവും ബോധ്യവുമുള്ളവരായിരിക്കണം. അങ്ങനെയെങ്കിൽ ഇവയെല്ലാം പൗരസ്ത്യ റീത്തിലെ എല്ലാ അംഗങ്ങളാലും ആചരിക്കപ്പെടണം. അതിനും പുറമേ അവയെപ്പറ്റിയുള്ള കൂടുതൽ മെച്ചപ്പെട്ട അറിവും കൂടുതൽ കൃത്യമായ ഉപയോഗവും നേടിയെടുക്കുകയും അതിൽ ഏതെങ്കിലും കാലത്തിന്റെയോ വ്യക്തികളുടെയോ അനിശ്ചിതത്വം മൂലം കുറവ് സംഭവിച്ചാൽ, അവർ തങ്ങളുടെ പൂർവിക പാരമ്പര്യത്തിലേക്ക് തിരിയുവാനുള്ള നടപടികൾ എടുക്കണം.(പൗരസ്ത്യസഭകൾ 6).

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഈ ക്യംതാ (ഉയിർപ്പ്) കാലത്ത് എന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ നിങ്ങൾ എല്ലാവർക്കും നേരുന്നു!

ആരാധനാക്രമത്തിന്റെ വർഷത്തിൽ കുടുംബ ആരാധനാക്രമ ക്വിസിലെ നിങ്ങളുടെ ആവേശകരമായ പങ്കാളിത്തത്തിന് എന്റെ അഭിനന്ദനങ്ങൾ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വയാധികാര സഭയായ സീറോ മലബാർ കത്തോലിക്കാ സഭയുടെ ആരാധനാക്രമത്തെക്കുറിച്ച് കൂടുതൽ പഠിക്കാനുള്ള നിങ്ങളുടെ അതിയായ താല്പര്യം തീർച്ചയായും പ്രശംസനീയമാണ്. യൂണിറ്റ് കോഓർഡിനേറ്റർമാരിൽനിന്നും ആരാധനക്രമ കുടുംബക്വിസിൽ പങ്കെടുത്തവരിൽനിന്നുമുള്ള പ്രതികരണങ്ങൾ ശ്രദ്ധയോടെ പരിഗണിച്ചതിന്റെ ഫലമായിട്ടാണ് ഈ വർഷം ദൈവശാസ്ത്രത്തിൽ **ഉർഹ 2024** എന്നപേരിൽ ഒരു കുടുംബക്വിസ് സംഘടിപ്പിക്കുവാൻ ദൈവശാസ്ത്ര വർഷ ടീം തീരുമാനമെടുത്തത്.

നമ്മുടെ രൂപതയുടെ പഞ്ചവത്സര അജപാലന പദ്ധതിയുടെ രണ്ടാം വർഷമാണ് ദൈവശാസ്ത്ര വർഷമായി നാം ആചരിക്കുന്നത്. ആരാധനക്രമ കുടുംബക്വിസിന്റെ രൂപരേഖക്ക് സമാനമായി 2023 ഡിസംബർ 17 മുതൽ ആഴ്ച തോറും 20 ചോദ്യങ്ങൾ ' ദനഹാ' ബുള്ളറ്റിനിൽ പ്രസിദ്ധീക രിച്ചുവരുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. **ഉർഹ2024** ദൈവശാസ്ത്ര കുടുംബ ക്വിസിന്റെ നിയമങ്ങളും നിർദേശങ്ങളും

നിങ്ങളുടെ ശ്രദ്ധക്കായി ഈ സർക്കുലറിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.
പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രത്തിന്റെ സവിശേഷമായ സത്ത അടങ്ങിയിരിക്കുന്നത് സങ്കീർണമായവിധത്തിൽ ഇഴപിരിഞ്ഞുകിടക്കുന്ന അതിന്റെ സെമിറ്റിക്കും ബൈബിൾ പരവുമായ പ്രത്യേകതകളിലാണ് . ആദിമ ക്രൈസ്തവ സമൂഹങ്ങൾ ആരാധനക്രമ അനുഷ്ഠാനങ്ങളിലും ദൈവശാസ്ത്ര വ്യാഖ്യാനങ്ങളിലും യഹൂദ ഘടകങ്ങൾ സംരക്ഷിച്ചിരുന്നു. സുറിയാനി ദൈവശാസ്ത്രം ദൈവീക സത്യങ്ങളെ സമീപിക്കുന്നത് ' ആത്മാവിന്റെ കണ്ണിലൂടെ' വീക്ഷിക്കുന്നു എന്ന് വി. ജെറോം വിശേഷിപ്പിക്കുന്ന വിശ്വാസത്തിലൂടെയാണ്, ഒരു ബൗദ്ധികമായ അഭ്യാസം ആയിട്ടല്ല. തൽഫലമായി, സീറോ മലബാർ സഭ പിന്തുടരുന്ന പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ ദൈവശാസ്ത്രം രഹസ്യാത്മകവും ആത്മീയവുമെന്നു വിശേഷിക്കപ്പെടുന്നു. അതുവഴി ദൈവശാസ്ത്രത്തെ ആത്മീയതയിൽ നിന്നും ആരാധനാക്രമത്തിൽ നിന്നും വേർതിരി ക്കുക ദുഷ്കരമായി മാറുന്നു. ദൈവശാസ്ത്ര കുടുംബക്വിസിന്റെ ലക്ഷ്യം പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ ആഴപ്പെടുത്താനും തലമുറകളായി നമ്മുടെ പൂർവികരിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വിശ്വാസത്തെ പരിപോഷിപ്പിക്കാനുമാണ്. നമ്മുടെ പൂർവ്വപിതാക്കന്മാർ നമ്മെ ഏല്പിച്ച ഈ വിശ്വാസം ദൈവരാജ്യത്തിൽ പ്രവേശിക്കാനുള്ള താക്കോൽ എന്ന നിലയിൽ ഈ രൂപതയിൽ ഉള്ള വിശ്വാസികൾക്ക് സുപ്രധാനമാണ്.

ദൈവശാസ്ത്ര കുടുംബ ക്വിസും യൂണിറ്റ് - റീജിയൻ- രൂപത, എന്നിങ്ങനെ മൂന്നു തലങ്ങളിൽ നടത്തപ്പെടും. യൂണിറ്റ് തല മത്സരങ്ങൾക്കായി 09/06/2024 ലെ ദനഹ ബുള്ളറ്റിനിൽ 100 ചോദ്യങ്ങളുള്ള ചോദ്യാവലി പ്രസിദ്ധീകരിക്കു ന്നതാണ്. 31/07/2024 നു മുൻപായി നടക്കേണ്ട യൂണിറ്റ് തല മത്സരത്തിന്റെ തിയതി നിങ്ങളുടെ വികാരിയച്ചൻ അറിയിക്കും. യൂണിറ്റ് തല മത്സരത്തിൽ 80 ശതമാനമോ അതിലധികമോ ലഭിക്കുന്ന എല്ലാ ടീമുകൾക്കും ഓൺലൈൻ ആയി നടത്തപ്പെടുന്ന റീജിയൻ തല മത്സരത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ് . മൂന്നു റൗണ്ടുകളായി നടത്തപ്പെടുന്ന റീജിയൻ തല മത്സരങ്ങൾ 13/10/2024, 20/10/2024, 27/10/2024 തീയതികളിൽ വൈകുന്നേരം 8 മണിക്ക് ഓൺലൈൻ ആയി നടത്തപ്പെടുന്നതാണ്. രൂപത തല മത്സരം 30/11/2024 ശനിയാഴ്ചയാണ് നടത്തപ്പെടുന്നത്. സ്ഥലം പിന്നീട് അറിയിക്കുന്നതാണ്.

രൂപതാതലത്തിൽ വിജയിക്കുന്ന ടീമിന് **ട്രോഫിയും 3000 പൗണ്ട്** ക്യാഷ് പ്രൈസും ഒന്നാം റണ്ണർ അപ്പിനു **ട്രോഫിയും 2000 പൗണ്ട്** ക്യാഷ് പ്രൈസും രണ്ടാം റണ്ണർ അപ്പിനു **ട്രോഫിയും 1000 പൗണ്ട്** ക്യാഷ് പ്രൈസും സമ്മാനിക്കുന്നതാണ്. സമ്മാനത്തുകയും ദൈവശാസ്ത്ര കുടുംബ ക്വിസിന്റെ ചിലവുകളും സഭയുടെ ദൈവശാസ്ത്ര പഠനപദ്ധതികളോട് താല്പര്യമുള്ള വിശ്വാസികളുടെ സംഭാവന വഴിയാണ് കണ്ടെത്തുന്നത്. രൂപതയിലെ ഇടവക കൾ / മിഷനുകൾ/ പ്രോപോസ്ഡ് മിഷനുകൾ മൂന്നു വിഭാഗങ്ങളായി തിരിക്കുന്നതാണ്: 100 വീടുകൾ വരെയുള്ളവ; 101 മുതൽ 250 വരെയുള്ളവ; 251 മുതൽ മുകളിലേക്കുള്ളവ. ഈ മൂന്നു വിഭാഗങ്ങളിൽ നിന്നും റീജിയണൽ തലത്തിൽ ഏറ്റവും കൂടുതൽ ടീമുകൾ പങ്കെടുക്കുന്ന ഇടവക / മിഷൻ/ പ്രോപോസ്ഡ് മിഷനുകൾക്ക് ട്രോഫി സമ്മാനിക്കുന്നതാണ്.

യൂണിറ്റ് തല മത്സരങ്ങൾക്ക് മുൻപായി കുടുംബ കൂട്ടായ്മ കൂട്ടായ്മ മീറ്റിങ്ങുകളിൽ പരിശീലനക്വിസുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതുവഴി രൂപതയിലെ എല്ലാ വിശ്വാസികളുടെയും സജീവമായ പങ്കാളിത്തം ദൈവശാസ്ത്ര ക്വിസിൽ ഉറപ്പാക്കാനാകും. ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷൻ തലങ്ങളിലെ മത്സരത്തിന്

മുൻപോ അതിനു ശേഷമോ, എല്ലാ കമ്മീഷനുകളും ഫോറങ്ങളും ഇടവക/ മിഷൻ/ പ്രോപോസ്റ്റ് മിഷൻ, റീജിയൻ, രൂപത തലങ്ങളിൽ ദൈവശാസ്ത്ര കുടുംബ ക്വിസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

രൂപതാ ദൈവശാസ്ത്ര കുടുംബ ക്വിസിന്റെ നിയമങ്ങളും നിർദേശങ്ങളും ഇതുവരെ ദനഹായിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചോദ്യങ്ങളും രൂപതയുടെ വെബ്സൈറ്റിൽ ലഭ്യമാണ് ( https: //eparchyofgreatbritain.org/eparchial-family-quiz-on-theology/)ദൈവശാസ്ത്ര കുടുംബക്വിസുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് യൂണിറ്റ് കോർഡിനേറ്ററെയോ വികാരിയാച്ചനെയോ സമീപിക്കുകയോ ഈ അഡ്രസിലേക്കു ഇമെയിൽ അയക്കുകയോ ചെയ്യാവുന്നതാണ്( yearoftheology@csmegb.net). ദൈവശാസ്ത്ര വർഷത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും ദൈവശാസ്ത്ര കുടുംബക്വിസിൽ സജീവമായി പങ്കെടുക്കുകയും സഭയുടെ ദൈവശാസ്ത്രത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനെ ആഴപ്പെടുത്തുകയും ചെയ്യാം നമ്മുടെ രൂപതയേയും ഈ ദൈവശാസ്ത്ര വർഷത്തിലെ എല്ലാ പ്രവർത്തനങ്ങളേയും മിശിഹായുടെ അമ്മയായ മർത്ത് മറിയത്തിന്റെ ഗർഭപാത്രത്തിലേക്കു സമർപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹാ നിങ്ങളെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

ജോസഫ് സ്രാമ്പിക്കൽ

+ Joseph Srampickal

ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ.

-----------------------------------------------------------------------------------------------

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2024 **ഏപ്രിൽ** 21ന് വായിക്കേണ്ടതാണ്. (അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച്ച വായിക്കേണ്ടതാണ്)